# തപസ്യ

Digital Magazine
2020



## സെ. ജോർജ്ജസ് ഹയർ സെക്കന്ററി സ്കൂൾ
## പരിയാരം

# *അണിയറയിൽ ........*

**അതുൽ ഷാജു**

**വിനോലിയ വർഗ്ഗീസ്**

**ജോവിറ്റ് ജെയ്സൻ**

**അന്തോണീസ് ടി.എസ്.**

**അനശ്വര ബാബു**

**അലീന സൈമൺ**

***അലീന ഷാജു***

ST. GEORGE'S HIGHER SECONDARY SCHOOL
PARIYARAM

# *എഡിറ്റോറിയൽ*

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റാനും മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ കുട്ടികളിൽ സാക്ഷാത്കരിക്കപ്പെടുന്നതിനുള്ള ജൈത്രയാത്രയുടെ ഒരു ഭാഗമായ ലിറ്റിൽകൈറ്റ് സ് പദ്ധതി അറിവിന്റെ വലിയ ലോകം കുട്ടികളുടെ മുൻപിൽ തുറക്കുകയാണ്. അറിവ് ആർജ്ജിക്കുന്നതിൽ നിർണ്ണായകസ്ഥാനം സാങ്കേതിക വിദ്യക്കുണ്ട്. പുഴപോലെ നിരന്തരം ഒഴുകുന്ന വിദ്യാഭ്യാസം കാലാന്തരങ്ങളിലൂടെ കടന്ന് ഇന്ന് ഇ-യുഗത്തിൽ എത്തി നിൽക്കുന്നു. വെളിച്ചമുണ്ടായിട്ടും വഴിതെറ്റുന്ന ഇന്നത്തെ തലമുറയെ വെളിച്ചത്തിലേക്ക് നയിക്കാൻ പ്രാപ്തമായ ഒരു പുതുതലമുറയെ വാർത്തെടുക്കാൻ ലിറ്റിൽകൈറ്റ്സ് പ്രവർത്തനങ്ങൾ വഴിതെളിക്കട്ടെ.

# സന്ദേശം

പൊതു വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ച ഒരു നൂതന സംരംഭമായ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ താത്പര്യത്തോ ടെയാണ് ഏറ്റെടുത്തിരിക്കുന്നത്. വിദ്യാഭ്യസത്തിലൂടെ ആധുനിക ലോകത്തിലേക്ക് സധൈര്യം കടന്നുചെല്ലാൻ സജ്ജമാക്കുന്ന ഈ സംരംഭം ഏറെ ഉപകാരപ്രദമാണ്. മാഗസിൻ നിർമ്മാണത്തിൽ പങ്കെടുത്ത എല്ലാ കൈറ്റ് അംഗങ്ങൾക്കും, അദ്ധ്യാപകർക്കും ഈ അവസരത്തിൽ പ്രത്യേക അഭിനന്ദനങ്ങൾ. വിദ്യാഭ്യസത്തിന്റെ ആത്യന്തികലക്ഷ്യമായ സർവ്വതോന്മുഖമായ വളർച്ച എല്ലാ വിദ്യാർത്ഥികൾക്കും ലിറ്റിൽ കൈറ്റിലൂടെ സാധ്യമാകട്ടെ എന്ന് ആശംസിക്കുന്നു



ഷൈജു പി.പി

ഹെഡ്മാസ്റ്റർ

# ഓൾഗ ടൊകാർചുക്ക് -
# എഴുത്തിലെ ചൂടും വെളിച്ചവും

യാഥാർത്ഥ്യങ്ങളെ അവിശ്വസിക്കാൻ പ്രേരിപ്പിക്കുന്ന ഭാവനാലോകം കൊണ്ട് പുതിയ വായനയെ മുന്നോട്ട് നയിക്കുന്ന എഴുത്തുകാരിയാണ് .2018-ലെ നൊബേൽ സമ്മാനം നേടിയ ഓൾഗ ഒകാർചുക്ക്. 2018-ലെ മാൻബുക്കർ അന്താരാഷ്ട്ര പുരസ്കാരം നേടിയതോടെയാണ് അവർ യൂറോപ്പിന് പുറത്ത് ശ്രദ്ധിക്കപ്പെട്ടത്.ആ പുരസ്കാരം അവരിലൂടെയാണ് ആദ്യമായി പോളണ്ടിലേക്കെത്തിയത്.അസാധാരണമായ ഒരു പ്രമേയത്തെ അതിവിദഗ്ധമായി അവതരിപ്പിക്കുന്ന വേറിട്ട രചനയായിരുന്നു ഓൾഗയെ ലോകത്തിന്റെ മുന്നിലെത്തിച്ച Flights എന്ന നോവൽ.രചനാരീതിയിലെ പുതുമ അതിനെ ശ്രദ്ധേയമാക്കി.മനുഷ്യാവസ്ഥയുടെ അതിവിപുലമായ ഒരു ചിത്രം അവരതിലൂടെ വരച്ചിടുന്നുണ്ട്.ആഖ്യാനത്തിന്റെ നൂതനത്വം കൊണ്ടും ഭാഷാശൈലിയിലെ സവിശേഷതകൊണ്ടും അത് വായനക്കാരെ അമ്പരപ്പിച്ചു.അതോടെ അവരുടെ മറ്റ് രചനകളും ലോകത്തിന്റെ മുന്നിലേക്ക് വന്നു.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ മാറുന്ന മുഖമായി ഓൾഗയുടെ രചനകൾ വിശേഷിപ്പിക്കപ്പെട്ടു.വേറിട്ട ഭാവനയും വേറിട്ട രാഷ്ട്രീയവും ഒത്തുചേർന്ന ഒരു രചനാ ലോകം ഓൾഗ ടൊകാർചുക്ക് ഒരുക്കിവെച്ചിട്ടുണ്ട്.വായനയെന്ന രാഷ്ട്രീയ പ്രവർത്തനത്തിലേക്കാണ് അവർ വായനക്കാരെ ക്ഷണിക്കുന്നത്.

ഓൾഗ ടൊകാർചുക്ക് അതിരുകളില്ലാത്ത വായനാ ലോകത്തിലെ നിറസാന്നിധ്യമായി മാറിക്കഴിഞ്ഞു.

# FACTS ABOUT WRITERS .......

## *Arundhati Roy*




**Suzanna Arundhati Roy** was born on 24 November 1961. She is an Indian author best known for her novel *The God of Small Things* (1997), which won the Man Booker Prize for Fiction in 1997 and became the biggest-selling book by a non-expatriate Indian author. She is also a political activist involved in human rights and environmental causes.

Roy began writing her first novel, *The God of Small Things*, in 1992, completing it in 1996. The book is semi-autobiographical and a major part captures her childhood experiences in Aymanam.

The publication of *The God of Small Things* catapulted Roy to international fame. It received the 1997 Booker Prize for Fiction and was listed as one of *The New York Times* Notable Books of the Year. It reached fourth position on *The New York Times* Bestsellers list for Independent Fiction. From the beginning, the book was also a commercial success: Roy received half a million pounds as an advance. It was published in May, and the book had been sold in 18 countries by the end of June.

# *William Shakespeare*



William Shakespeare was a renowned English poet, playwright, and actor born in 1564 in Stratford-upon-Avon. His birthday is most commonly celebrated on 23 April which is also believed to be the date he died in 1616.

Shakespeare was a prolific writer during the Elizabethan and Jacobean ages of British theatre (sometimes called the English Renaissance or the Early Modern Period). Shakespeare's plays are perhaps his most enduring legacy, but they are not all he wrote. Shakespeare's poems also remain popular to this day. Shakespeare's Works include 38 plays, 2 narrative poems, 154 sonnets, and a variety of other poems.

With the exception of the tragic love story *Romeo and Juliet*, Shakespeare's first plays were mostly histories. *Henry VI (Parts I, II and III)*, *Richard II* and *Henry V* dramatize the destructive results of weak or corrupt rulers and have been interpreted by drama historians as Shakespeare's way of justifying the origins of the Tudor Dynasty.

*Julius Caesar* portrays upheaval in Roman politics that may have resonated with viewers at a time when England's aging monarch, Queen Elizabeth I, had no legitimate heir, thus creating the potential for future power struggles.

Shakespeare also wrote several comedies during his early period: the whimsical *A Midsummer Night's Dream*, the romantic *Merchant of Venice*, the wit and wordplay of *Much Ado About Nothing* and the charming *As You Like It* and *Twelfth Night*.

Other plays written before 1600 include *Titus Andronicus*, *The Comedy of Errors*, *The Two Gentlemen of Verona*, *The Taming of the Shrew*, *Love's*

*Labour's Lost*, *King John*, *The Merry Wives of Windsor* and *Henry V.* It was in Shakespeare's later period, after 1600, that he wrote the tragedies *Hamlet*, *Othello*, *King Lear* and *Macbeth*.

# *Arthur Conan Doyle*



**Arthur Conan Doyle**, in full **Sir Arthur Ignatius Conan Doyle**, (born May 22, 1859, Edinburgh, Scotland—died July 7, 1930, Crowborough, Sussex, England), Scottish writer best known for his creation of the detective Sherlock Holmes—one of the most vivid and enduring characters in English fiction. While a medical student, Conan Doyle was deeply impressed by the skill of his professor, Dr. Joseph Bell, in observing the most minute detail regarding a patient's condition. This master of diagnostic deduction became the model for Conan Doyle's literary creation, Sherlock Holmes, who first appeared in *A Study in Scarlet*, a novel-length story published in *Beeton's Christmas Annual* of 1887.

# *Kunjunni Mash*



*Kunjunni* (10 May 1927 - 26 March 2006), popularly known as *Kunjunni Mash* (*Mash* is the Malayalam equivalent of teacher), was an Indian poet of Malayalam literature. Known for his short poems with a philosophical overtone, his works were popular among the children as well as the grown-ups.He was known for

writing short poems which appeared to be childlike in form, but conveyed a message. Kunjunni handled the column for children in the *Mathrubhumi* weekly under the pseudonym "Kuttettan". He initiated three or four generations of aspiring writers into writing. Kunjunni returned to his native village in 1987 and became involved in social and cultural activities in the Thrissur area. He appeared in *Bhoomi Geetham*, a 1993 film directed by Kamal.His autobiography, *Enniloode*, is noted for its candour, humour and simplicity. *Oridathu Oridathu Oru Kunjunni Mash* is a biography of the poet, written by Sippy Pallippuram.

@@@@@@@

# കുട്ടി കവിതകൾ ..............

## പുസ്തകം

**വിജ്ഞാനമെല്ലാം നിറഞ്ഞിടുന്ന**
**അക്ഷയപാത്രങ്ങൾ-ഗ്രന്ഥങ്ങൾ!**
**ഉണ്ടാവണം കൈയിലെന്നുമെന്നും**
**ഉത്തമ മിത്രങ്ങൾ-ഗ്രന്ഥങ്ങൾ!**

## അക്ഷരം പഠിക്കുവിൻ

**അക്ഷരം നന്നായി പഠിച്ചിടേണം**
**അക്കങ്ങളൊക്കെയറിഞ്ഞിടേണം**

**അന്യർക്കു വിദ്യ കൊടുത്തിടേണം**
**അജ്ഞാനമെല്ലാമകറ്റിടേണം**

വിദ്യ കൊട്ടുകകിലേറിട്ടുന്ന

വിദ്യാധിദേവതയെ നമിക്കാം!

## പേരാൽ

എത്തറനാളായീ വഴിയിൽ
കാത്തു നിൽക്കുന്നീ മുത്തച്ഛൻ
ചുറ്റും കെട്ടിയ കൽത്തറയിൽ
കയറിയതെങ്ങനെ മുത്തച്ഛൻ?

താടി വളർത്തിയ മുത്തച്ഛാ
ധാടിയിലിങ്ങനെ നിന്നാലോ
വെയിലും മഴയും കൊള്ളില്ലേ
കാറ്റിൽ ഇക്കാലിടറിയില്ലേ?

വലിയൊരു പച്ചക്കുട നീർത്തി
വഴിപോക്കർക്കൊരു തണലായി
കനിവൊട്ടു ശാഖകളേകുമ്പോൾ
കിളികൾക്കെല്ലാം തുണയായി.

നാടിതിനെന്നും അഴകായി
നാട്ടുവഴിക്കൊരു കൂട്ടായി
മരുവീടുന്നീ മുത്തച്ഛൻ
നമ്മുടെ പേരാൽ മുത്തച്ഛൻ!

# *Two Scavengers in a Truck,Two Beautiful people in a Mercedes*

*Here is a poem about two pairs of people at a traffic light.*

*At the stoplight waiting for the light*

*nine a.m down San Francisco*

*a bright yellow garbage truck*

*with two garbage men in red plastic blazers*

*standing on the back stoop*

*one on each side hanging on*

*and looking down in to*

*an elegant open Mercedes*

*with an elegant couple in it*

*The Man*

*in a hip three-piece linen suit*

*with shoulder-length blond hair and sunglasses*

*The young blond women so casually coifed*

*with short skirt and colored stockings*

*on the way to his architect's office*

*And the two scavengres up four a.m*

*grungy from their route*

*on the way home*

*The older of the two with grey iron hair*

*and hunched back*

*looking down like some*

*gargoyle Quasimodo*

*And the younger of the two*

*also with sunglasses and long hair*

*about the same age as the Mercedes driver*

*And both scavengers gazing down*

*as from a great distance*

*at the cool couple*

*as if they were watching some odourless TV ad*
*in which everything is always possible*

*And the very red light for an instant*
*holding all four close together*
*as if anything at all were possible*
*between them*
*across that small gulf*
*in the high sea*
*of this democracy.*

Lawrence Ferlinghetti

# റ്റി x ഡിയുടെ ശിൽപി

മദിരാശി ഗവൺമെന്റിന്റെ ഓയിൽ സീഡ് സ്പെഷ്യലിസ്റ്റായിരുന്ന ഡോ.ജെ.എസ്. പട്ടേലാണ് സങ്കര തെങ്ങിനം എന്ന ആശയം കേരകൃഷിരംഗത്തേക്ക് കൊണ്ടുവന്നത്.കോയമ്പത്തൂർ ആയിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനമണ്ഡലമെങ്കിലും കേരഗവേഷണത്തിൽ താത്പര്യമുള്ള അദ്ധേഹം കാസർകോഡ് കേരഗവേഷണകേന്ദ്രം സ്ഥിരമായി സന്ദർശിക്കുകയും ശാസ്ത്രീയപരാഗണം നടത്തിയുണ്ടായ തേങ്ങകൾ നിരീക്ഷിക്കുകയും ചെയതു.ഇദ്ദേഹത്തോടൊപ്പം അന്നത്തെ സീനിയർ ഫാം മാനേജരായിരുന്ന കെ. ഡബ്ള്യു. ചക്രപാണി മരാരും അദ്ദേഹത്തിന്റെ അസിസ്റ്റന്റായ പി.കെ.നമ്പ്യാരും ഗവേഷണ പ്രവർത്തനങ്ങളിൽ പട്ടേലിനെ സഹായിച്ചു.ഇവരുടെ പ്രവർത്തനഫലമായാണ് റ്റി x ഡി എന്ന സങ്കര തെങ്ങിനം യാഥാർത്ഥ്യമായത്.നീലേശ്വരം തോട്ടത്തിലാണ് റ്റി x ഡി തൈകൾ ആദ്യമായി നട്ടത്.

# REUNION

The topper of the class,
is a happy Homemaker.
Back bencher of the lot,
is an entrepreneur.
The flambuoyant fashionista,
Became a dreaded Lawyer.
Often ignored Joe,
turned a wellknown writter.

The one who failed in math paper
is a Fashion Designer.
And one who often got to stand outside
the class, is a respected Army Officer.
The reunion taught me,
How people come with many layers,
And told me why we should never judge a book by its
cover.
Each child out there has a different success story!!!!

# *Quotable Quotes*

- **Dream,Dream,Dream**
  **Dreams transform into thoughts**
  **And thoughts results in action.**

  **A.P.J Abdhul Kalam**

- **Men often become what they believe themselves to be. If I believe I cannot do something, it makes me incapable of doing it. But when I believe I can ,then I acquire the ability to do it even if i didn't have it in the beginning.**

  **-Mahatma Gandhi**

- **Whatever you can do or dream you can begin it. Boldness has genius,power and magic in it. Begin it now.**

  **-Goethe**

- **I do not care for liberation, I would rather go to a hundred thousand hells, 'doing good to others (siliently) like the spring', this is my religion.**

  **- Swami Vivekananda**

- **Wisdom is a weapon to ward of destruction;**
  **It is an inner fortress which enemies cannot destroy.**

  **-Thirukkural**

- **Determine that things can and shall be done,**
  **and them we shall find the way.**

  **-Abraham Lincolin**

- **Where the mind is without fear and head is held high**

**Where knowledge is free**

**Where the world has not been broken up in to fragments.........**

**My father ,let my country awake.**

**- Rabindranath Tagore**

# രോഗലക്ഷണത്തെ ചികിത്സിക്കാതിരിക്കുക

ഗീതു എല്ലാവർക്കും പ്രിയങ്കരിയായ കുട്ടിയാണ്.നന്നായി പഠിക്കുന്ന അവൾ പരീക്ഷകളിൽ ഉയർന്ന മാർക്കുകൾ കരസ്ഥമാക്കുമായിരുന്നു. പഠിത്തത്തിലെന്നപോലെ പാഠേതര പ്രവർത്തനങ്ങളിലും അവൾ പ്രശംസനീയമായി ഏർപ്പെട്ടിരുന്നു. അടുക്കളയിൽ അമ്മയെ സഹായിക്കാനും അവൾ സമയം കണ്ടെത്തിയിരുന്നു.

ഏഴാം സ്റ്റാൻഡേർഡിൽ എത്തിയ ഗീതുവിൽ പെട്ടെന്ന് ചില മാറ്റങ്ങൾ കണ്ടുതുടങ്ങി.പഠനത്തിൽ അവൾ പുറകോട്ടായി.അമ്മയെ സഹായിക്കാൻ ചെല്ലാതായി.സംശയനിവൃത്തിക്കായി അച്ഛനടുത്തുപോകുന്ന ശീലവും ഇല്ലാതായി.ഡാൻസ്ക്ലാസിൽ പോകുന്നത് വല്ലപ്പോഴുമായി.രക്ഷിതാക്കൾ മാറ്റത്തിന്റെ കാരണം അന്വേഷിച്ചു തുടങ്ങി.വളർച്ചയുടെ പ്രത്യേകഘട്ടത്തിൽ ഉണ്ടാകുന്ന മാറ്റമല്ലിത് എന്ന് ഡോക്ടർ പറഞ്ഞു.വല്ല പ്രേമത്തിലും പെട്ടുപോയോ എന്നന്വേഷിച്ചു.ഒന്നും കണ്ടെത്താനായില്ല.ചീത്ത കൂട്ടുകെട്ടുമില്ല.സമർത്ഥനായ ഒരു കൗൺസിലർ അവളുടെ പിന്നോക്കാവസ്ഥയുടെ കാരണം കണ്ടെത്തി.

ഗീതുവിന് വീണവായന പഠിക്കുമെന്ന ആഗ്രഹമുണ്ടായിരുന്നു.വീണവായിക്കുന്ന ഒരു സ്ത്രീയുടെ ചിത്രം അവൾ മുറിയിൽ ഒട്ടിച്ചുവെച്ചിരുന്നു.പല തരം വീണയുടെ ചിത്രങ്ങൾഅവൾ ശേഖരിച്ചിട്ടുണ്ടായിരുന്നു.വീണ പഠിക്കണമെന്ന അവളുടെ ആഗ്രഹം അച്ഛനുമമ്മയും തള്ളിക്കളഞ്ഞിരുന്നു. പഠിക്കാൻ ധാരാളമുണ്ട്.അതിനു പുറമെ ഡാൻസ് പഠിക്കുന്നുണ്ട്.ഒപ്പം കമ്പ്യൂട്ടർ പരിശീലനവും.ഇനി വീണകൂടി പഠിക്കേണ്ട എന്ന രക്ഷിതാക്കളുടെ അഭിപ്രായം അവൾ അംഗീകരിച്ചു.അവൾ പിടിവാശി ഉപേക്ഷിച്ച് ശാന്തത കൈവരിച്ചിരുന്നു.എങ്കിലും അവളുടെ ഉപബോധമനസ്സ് അശാന്തമായിരുന്നു. നിറവേറപ്പെടാത്ത ആഗ്രഹം അവളുടെ പഠനപ്രവർത്തനങ്ങളെ ദോഷകരമായി

ബാധിച്ചു.കൗൺസിലിങ്ങിൽ കണ്ടെത്തിയ വസ്തുതകളോട് അവളുടെ രക്ഷിതാക്കൾ യോജിച്ചില്ല.എന്നാലും അവർ അവളെ വീണ പഠിപ്പിക്കാൻ നിശ്ചയിച്ചു.എന്നാലവൾക്കത് സമ്മതമായിരുന്നില്ല. അവസാനം നിർബന്ധിച്ച് വീണക്ലാസിൽ ചേർത്തു.രക്ഷിതാക്കൾ ബന്ധുക്കളോടെല്ലാം വിളിച്ചു പറഞ്ഞു "ഗീതു വീണക്ലാസിൽ ചേർന്നു. നന്നായി പഠിക്കുന്നു".വീട്ടിൽ വരുന്ന സന്ദർശകരോടും അതിഥികളോടും ഗീതുവിന്റെ വീണാപഠനത്തെപ്പറ്റി പുകഴ്ത്തിപ്പറഞ്ഞു.മാത്രവുമല്ല,അവളെയും കൂട്ടി നഗരത്തിൽ പോയി ഒരു വീണ വാങ്ങിക്കൊടുക്കുകയും ചെയ്തു.ക്രമേണ അവൾ പഠനത്തിൽ പഴയനിലയിലെത്തി. ഡാൻസുക്ലാസിൽ ഉത്സാഹത്തോടെ പോയിത്തുടങ്ങി. വീട്ടുകാര്യത്തിൽ പ്രസരിപ്പോടെ ഇടപെട്ടു.വീണവായനയിൽ മാത്രം അവൾക്ക് കാര്യമായ പുരോഗതിയുണ്ടായില്ല.എങ്കിലും വീണയെ സ്പർശിച്ച് അവൾ നിർവൃതി കൊണ്ടു. പഠനത്തിലുണ്ടായ പുരോഗതി രക്ഷിതാക്കളെ സന്തോഷിപ്പിച്ചു.

കുട്ടികളുടെ അഭിരുചികള് രക്ഷിതാക്കൾ അറിയണം. ചിത്രരചന, സംഗീതം, ജിംനാസ്റ്റിക്സ് തുടങ്ങിയവയിൽ അവർക്ക് മോഹം കാണും.അവ സാധിക്കാത വന്നാൽ അവർക്കു നിരാശ തോന്നും.നിഷേധിച്ചവരോട് വെറുപ്പുണ്ടാകും.അതു പഠനപ്രവർത്തനത്തെ ബാധിക്കും.അതിനാൽ അവരുടെ മോഹം കഴിയുന്നതും സാധിച്ചുകൊടുക്കുക.പലപ്പോഴും ഈ പഠനം ഒരു കമ്പം മാത്രമായിരിക്കും.കുറച്ചു പഠിച്ചുകഴിയുമ്പോൾ അവർ അതുപേക്ഷിക്കും.അപ്പോൾ എതിർക്കേണ്ടതില്ല.ധനനഷ്ടം വരുത്തിയതിൽ കുറ്റപ്പെടുത്തുകയും വേണ്ട.അവരുടെ ഒരു മാനസികാവശ്യം നിറവേറ്റിയതായി സമാധാനിക്കുക.കുട്ടിയുടെ മാനസികാരോഗ്യത്തിന് ഇത് ആവശ്യമാണ്.പഠനപ്രവർത്തനത്തിലും പെരുമാറ്റത്തിലും പിന്നോക്കമാകാൻ കാരണങ്ങൾ കാണും.അതിൽ ഒന്നോ രണ്ടോ കാരണങ്ങളായിരിക്കും പ്രധാനം.അതു കണ്ടെത്തി പരിഹരിക്കുകയാണ് വേണ്ടത്.കുട്ടിയെ നിരീക്ഷിക്കുകയും അവന്റെ /അവളുടെ ചിന്തകളെ അപഗ്രഥിക്കുകയുമാണ് വേണ്ടത്. രക്ഷിതാക്കൾ, അധ്യാപകർ, കൗൺസിലർ എന്നിവർക്കാണ് അതിന് സാധിക്കുക.

**രോ**ഗലക്ഷണങ്ങൾക്കല്ല, രോഗത്തിനാണ് ചികിത്സ നൽകേണ്ടത്.ഗീതുവിനതാണു നൽകിയത്.രോഗത്തിനു ചികിത്സിച്ചപ്പോൾ മറ്റു ലക്ഷണങ്ങൾ അപ്രത്യക്ഷമായി.

# Song of Youth

As a young citizen of India,
armed with technology knowledge and love for my nation,
I realize, small aim is a crime.

I will work and sweat for great vision,
The vision of transforming India into a developed nation
Powered by economic strength with value system.

I am one of the citizens of a billion,
only the vision will ignitethe billions souls.
It has entered into me,
the ignited soul compared to any resource,
is the most powerful resource
on the earth, above the earth and under the earth

I will keep the lamp of knowledge burning
to achieve the vision - Developed India.

# General Knowledge

**1.** First person to cross Antartica alone and unaided
-Colin O’Brady

2. The first mammal to become extinct due to climate change -Melomys Rubicoly

3. Fastest train in India
- Vande Bharath Express

4. The worlds oldest living person
- Kane Tanaka

5. Worlds highest lake
- Kajin Sara lake in Manang, Nepal

6. Most popular museum in the world
- National museum of China


7. First female Nobel prize winner in Literature
- Selma Lagerlof

8. National Dada Saheb Phalke award winner of 2018 -
-Amitab Bachan

9. Father of modern chemistry - Antoine Lavoisier

10. King of metals - Gold

# എന്റെ പുഴ



Adhithyan K Shaji

# അവസാനത്തെ അഭയം

“ഒരു തുള്ളി വെള്ളം ,ഒരു തുള്ളി സ്നേഹം

ഒരു തുള്ളി വെള്ളിവെളിച്ചമൊക്കെയും

ഉണങ്ങി ,സ്വപ്നമായ് ,കഥയായ് മാറുമ്പോൾ

ഉണർന്നവരാരോ വിളിച്ചുപറയുന്നു:

ഒരു തുണ്ടു പച്ചത്തുരുത്തുകാണുന്നു-

ണ്ടൊരു മരമതിലുയർന്നു നിൽക്കുന്നു-

ണ്ടൊരു ശാഖ പച്ചയിലകൾ ചൂടുന്നു-

ണ്ടൊരു പൂ കണ്ണുകൾക്കമൃതമായുണ്ട്.”

(മുല്ലനേഴി)

# കണക്കിലെ കളികൾ

## *1089 എന്ന മാന്ത്രിക സംഖ്യ

ഒരു ഗണിത പ്രശ്നത്തിന്റെ ഉത്തരം ആദ്യം എഴുതി വെച്ച് നിങ്ങൾക്ക് കൂട്ടുകാരെ അത്ഭുതപ്പെടുത്തണമെന്നുണ്ടോ? എങ്കിലിതാ നിങ്ങളുടെ മുമ്പിലൊരു ഇന്ദ്രജാല സംഖ്യ,1089.ആദ്യമായി നിങ്ങൾ ചെയ്യേണ്ടത് ആരും കാണാതെ ഈ സംഖ്യ ഒരു കഷണം കടലാസിലെഴുതി ഒരു കവറിൽ ഭദ്രമായി വയ്ക്കുകയാണ്.എന്നിട്ട്

സുഹൃത്തിനോട് ഏതെങ്കിലും മൂന്നക്ക സംഖ്യ എഴുതാൻ ആവശ്യപ്പെടുക.ഒരു ചെറിയ നിബന്ധനയുണ്ട്,ആദ്യത്തെയും അവസാനത്തെയും അക്കങ്ങൾ വ്യത്യസ്തമായിരിക്കണം.പിന്നെ ചില കൂട്ടലും കിഴിക്കലുമൊക്കെ നടത്തിയാൽ 1089 തന്നെ കിട്ടും. എങ്ങനെയെന്നറിയാമോ?

<u>ഉത്തരം</u>

നേരത്തെ പറഞ്ഞ നിബന്ധനയനുസരിച്ച് സുഹൃത്ത് എഴുതിയ സംഖ്യ 234 ആണെന്നിരിക്കട്ടെ.അത് തിരിച്ചെഴുതി വലിയ സംഖ്യയിൽനിന്ന് ചെറിയ സംഖ്യ കുറയ്ക്കാൻ ആവശ്യപ്പെടുക. 234 തിരിച്ചെഴുതിയാൽ 432.വലിയ സംഖ്യയായ 432 ൽ നിന്ന് 234 കുറച്ചാൽ 198. എന്നിട്ട് ആ പുതിയ സംഖ്യയെ (198 നെ) തിരിച്ചിടാൻ സുഹൃത്തിനോട് പറയുക. അപ്പോൾ അത് 891 ആയിത്തീരുന്നു. എന്നിട്ട് തിരിച്ചിട്ട സംഖ്യയും പുതിയ സംഖ്യയും തമ്മിൽ കൂട്ടാൻ ആവശ്യപ്പെടുക. അപ്പോൾ 198+891=1098 എന്ന് കിട്ടുന്നു. ഇതുപോലെ ഏത് സംഖ്യ തിരഞ്ഞെടുത്താലും ഫലം 1098 തന്നെ ആയിരിക്കും. എന്തെങ്കിലും കാരണവശാൽ 0 (പൂജ്യം)സംഖ്യയിൽ വരുകയാണെങ്കിൽ അതിനെ കണക്കിലെടുക്കണം.

ഉദാഹരണത്തിന് 645-546=099

099 തിരിച്ചഴുതായാൽ 990 എന്ന് കിട്ടും.ഇനി 099 ഉം 990 ഉം തമ്മിൽ കൂട്ടിയാൽ 1098 എന്നുകിട്ടും.

## * <u>തുകകളുടെ കൗതുകം</u>

1+2=3

4+5+6= 7+8

9+10+11+12=13+14+15

16+17+18+19+20=21+22+23+24

25+6+27+28+29+30=31+32+33+34+35

മേൽ എഴുതിയ ഗണിതക്രിയയുടെ പ്രതയേകതകൾ എന്താണെന്ന് അറിയമോ?

**ഉത്തരം**

ആദ്യത്തെ രണ്ട് സംഖ്യകളുടെ തുക മൂന്നാമത്തെ സംഖ്യയായിരിക്കും. ഉദാഹരണം 1+2=3. അതുപോലെ അടുത്ത മൂന്നു സംഖ്യകളായ 4+5+6 ന്റെ തുക 7+8 അതായത് 15 ആണ്. തുടർന്നും ഈ ക്രമത്തിൽ തുക തുല്യമായി വരുന്നത് അടുത്ത മൂന്ന് വരികളിൽ നമുക്ക് കാണാൻ കഴിയും. ഇടത്തുഭാഗത്തെ വരികളിൽ എപ്പോഴും ഒരു സംഖ്യ അധികമായി വർദ്ധിക്കുന്നു.സംഖ്യകൾ 1 മുതൽ 35 വരെ തുടർച്ചയായാണ് ഇവിടെ പ്രത്യക്ഷപ്പെട്ടിരിക്കുന്നത്.ഇനിയും പല പ്രത്യേകതകളുമുണ്ട്. അവ നിങ്ങൾക്കുതന്നെ കണ്ടെത്താം.

# റിബൽ

'താൻ ശരിക്കും പറയുന്നതാണോ ?'ടീച്ചർ ആവർത്തിച്ച് ചോദിച്ചു. 'അതെ. എനിക്ക് പൂക്കളെ വെറുപ്പാണ് '.അവൾ ഉറപ്പിച്ചു പറഞ്ഞു.ടീച്ചറ് പറഞ്ഞത് കുട്ടികളുടെ ഉറക്കെയുള്ള ചിരിയിൽ മുങ്ങിപ്പോയി. 'ടീച്ചറെ അവളെല്ലാത്തിനും എതിരെ പറയൂ.പിന്നിൽനിന്ന് ആരോ വിളിച്ച് പറഞ്ഞു.ഓ റിബലാണല്ലേ... എഴുന്നേൽക്കാൻ അവളോടാംഗ്യം കാണിച്ച് ടീച്ചർ ചോദിച്ചു. അതെന്താടോ അങ്ങനെ?മറുപടി അവൾക്കറിയില്ലായിരുന്നു.അല്ലെങ്കിൽ മറുപടി മറ്റുള്ളവർ പറയുമെന്ന് അവൾക്കറിയാമായിരുന്നു.റിബെൽ....പുതിയ പേര്.....താന്തോന്നി,അഹങ്കാരി എന്നിവരുടെ കുടുംബത്തിലേക്ക് പുതിയൊരംഗം.റിബെൽ, നിനക്ക് സ്വാഗതം. "ഇയാളെന്താ എഴുതുന്നത്?" എന്ന ടീച്ചറിന്റെ ചോദ്യമെത്തിയപ്പോഴാണ് അവൾ താനെന്താണ് ചെയ്യുന്നത് എന്നറിഞ്ഞത്.

നോട്ടുപുസ്തകത്തിൽ പെൻസിൽക്കൊണ്ട് റിബെൽ എന്ന് എഴുതുകയായിരുന്നു അവൾ.

"സോറി " തലയുയർത്തി അവൾ പറഞ്ഞു.

"ഉം ഇരുന്നോ". ക്ലാസ് വീണ്ടും ചിരിച്ചു. ചിരി ഇമേജുകളോട് മാത്രമാകുമോ എന്നവൾ ഇന്നലെ ചിന്തിച്ചിരുന്നു. ചിരി,സൗഹൃദങ്ങളുടെ താക്കോൽ, അവൾ ചിന്തിച്ചു. ലോകത്തെ ഏറ്റവും മനോഹരമായ ഭാവം. പക്ഷേ എനിക്ക് , അല്ല....റിബലിന് കൂടുതലിഷ്ടം കരയുന്നതാണ്. മുഖത്തെ സർവ്വ നാഡീപേശികളും

വലിഞ്ഞ് മുറുകുന്ന ചിരിയെപ്പോലെ ബഹുമുഖങ്ങളില്ലാത്ത, കാപട്യങ്ങളില്ലാത്ത, വികാരങ്ങളുടെ കുത്തൊഴുക്കായ കരച്ചിൽ.ഒരു കുഞ്ഞ് ജനിച്ചുവീണ നിമിഷത്തിൽ ചിരിക്കുകയല്ലല്ലോ, കരയുകയല്ലോ ചെയ്യുന്നത്. ആ നിഷ്കളങ്കതയുടെ കണ്ണീരിനേക്കാൾ സൗന്ദര്യമുണ്ടോ ചിരിക്ക്...ആവോ, അറിയില്ല" "നീയേ സീരിയസാണോ".അടുത്തിരിക്കുന്ന നന്ദിതയുടെ ശബ്ദം അവളെ ഉണർത്തി."എന്താ." " അല്ല നീ സീരിയസായാണോ പൂക്കളെ വെറുപ്പാണെന്ന് പറഞ്ഞത്." മറുപടി പറഞ്ഞാൽ തന്നെ പുണരാനിരിക്കുന്ന ചൂരൽ പ്രയോഗത്തിന്റെ നീറ്റൽ അവളുടെ കണ്ണുകളോട് ടീച്ചറിനെ തേടിപ്പോകാൻ നിർദ്ധേശിച്ചു.അവർ ക്ലാസുവിട്ട് പോയിരിക്കുന്നു.സ്വാതന്ത്യത്തിന്റെ ലഹരിയാണ് ക്ലാസിൽ. 1947 ലെ അർദ്ധരാത്രിയിലാണോ താനെന്നവൾ സംശയിച്ചു.ചങ്ങലകൾ വലിച്ചെറിഞ്ഞ് ആഹ്ലാദിച്ച ഇന്ത്യൻ സമൂഹം പോലെ അവരുടെ ശബ്ദവും സ്വാതന്ത്ര്യം ആസ്വദിച്ചു. മൗണ്ട് ബാറ്റണെപ്പോലെ ടീച്ചർ ബോർഡിലെഴുതിയിട്ടിരുന്ന സമവാക്യം അവളെ തുറിച്ചുനോക്കി.വലിച്ചെറിഞ്ഞ ചങ്ങലയിൽനിന്നും പൊട്ടിവീണ ഒരു ലോഹത്തുണ്ട്.ഭാഗ്യം വിഭജനത്തിന്റെ സന്തതികൾ പിറക്കാതിരിക്കട്ടെ. "ഉത്തരം പറയ് നന്ദിത അവളെ പിടിച്ച് കുലുക്കി. "നിനക്കെന്ത് വേണം"...വെറുപ്പാണ്

ഞാൻപറഞ്ഞില്ലേ....ആവശ്യമില്ലാത്ത ദേഷ്യം കലർത്തി അവൾ പറഞ്ഞു."ഓ,നീയതുതന്ന..." "ഏത്.”."ടീച്ചർ പറഞ്ഞ സാധനം, റിബൺ..” "റിബണല്ല മണ്ടീ,റിബൽ”."ഓ പിന്നേ "നന്ദിതയെഴുന്നേറ്റ നടന്നു..അവൾ വീണ്ടും റിബൽ എന്ന വാക്കിന്റെ സൗന്ദര്യം നോക്കിയിരുന്നു.പെട്ടെന്നാണ് ഒരു റോസാപ്പൂ വന്നുവീണത്.എറിഞ്ഞത് നന്ദിതാണെന്ന് അവൾക്കുറപ്പായിരുന്നു.നന്ദിത അടുത്തുവന്നിരുന്നു ചോദിച്ചു. "നീയേ ഇതിനെയൊന്ന് നോക്ക്”."ഈ പാവത്തിനെ കണ്ടിട്ട് നിനക്ക് വെറുപ്പ് തോന്നുന്നോ”.പൂവിനെയെടുതത് നന്ദിത ചോദിച്ചു.അവളങ്ങനെയാണ്.കൂട്ടുകാരിയുടെ ഭ്രാന്തുകളെ വൈകാരികമായി കൂട്ടിലടക്കുക ..ഇതാദ്യമായല്ല . “ എനിക്ക് പാവം തോന്നുന്നു നന്ദിതാ”.പൂവിനെ നന്ദിതയിൽനിന്ന് വാങ്ങിക്കൊണ്ട് അവൾ പറഞ്ഞു.വിജയിയെപ്പോലെ നന്ദിതയെ നോക്കി തുടർന്നു."എനിക്ക് വല്ലാത്ത സ്നേഹം തോന്നുന്നു.ഈ മുള്ളുകളോട്.” “ നിനക്കേ വട്ടാ..,മുഴുപ്രാന്ത്.ഹും."എന്ന് പറഞ്ഞ് എഴുന്നേൽക്കാൻ പോയ നന്ദിതയുടെ കൈ പിടിച്ച് അവൾ ആ റോസാച്ചെണ്ടിലെ കുഞ്ഞൻമുള്ളിന്റെ പുറത്തുവച്ചു.എന്നിട്ട് രഹസ്യമെന്നപോലെ മുന്നോട്ടാഞ്ഞ് പറഞ്ഞു."അവനേ..പാവാ”.മുള്ളുകൊണ്ട് വിരൽ മുറിഞ്ഞോ എന്ന് നോക്കാൻ അവൾ കൈ വലിച്ചു."ഇ പൂവിനെ ഇങ്ങനെയാക്കാൻ കാവൽ നിന്ന ഈ മുള്ളിനെ നിനക്കെങ്ങനെ മറക്കാനായി.പാവം..എല്ലാരും കൂടി ചേർന്ന് ഇവനെയങ്ങ് ക്രൂരനാക്കിയതല്ലേ..ഇവൻ കുന്തവും കൊണ്ട് നിന്നതുകൊണ്ടാ ഈ പൂവിനെ വിരിയിക്കാനായത്”.നന്ദിത അവളെ നോക്കി."ശരി”."നീ മുള്ളിനെ സ്നേഹിച്ചോളൂ”. "പക്ഷേ ആ പൂവിനെ വെറുക്കുന്നതെന്തിനാ”. "എനിക്ക് വെറുക്കരുതെന്നുണ്ട്, പക്ഷേ..”."എന്ത് പക്ഷേ.”."പക്ഷേ ...ഞാനൊരു റിബലായിപ്പോയില്ലേ..”

# ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയും സാമൂഹിക പങ്കാളിത്തവും

നമ്മുടെയിടയിൽ ഇന്നും ധാരാളം ഭിന്നശേഷികളുള്ള ഒരുപാട് പേരുണ്ട്. സാധാരണ മനുഷ്യരെപോലെ തന്നെയാണ് ഭിന്നശേഷിയുള്ളവരും. അവരെ വ്യത്യസ്തരായി നാം കാണരുത്. പഴയകാലഘട്ടങ്ങളിൽ ഭിന്നശേഷിക്കാർക്ക വേണ്ടി പ്രത്യേകതരം വിദ്യാലയങ്ങളാണുണ്ടായിരുന്നത്. എന്നാൽ ഈ പുതിയ യുഗത്തിൽ ഉൾച്ചേരൽ വിദ്യാഭ്യാസത്തിന് വലിയ വില കൊടുക്കുന്നു. സാധാരണഗതിയിലുള്ള കുട്ടികൾക്കൊപ്പം തന്നെ ഭിന്നശേഷിയിലുള്ള കുട്ടികളെ പഠിപ്പിക്കുന്നു. അങ്ങനെ അവർ പഠിക്കുമ്പോൾ താനും ഒരു സാധാരണ കുട്ടിയാണ് എന്ന മനസ്ഥിതിയിലേക്ക് ഭിന്നശേഷിയുള്ളവർ എത്തുന്നു. ഇങ്ങനെയുള്ള പഠനം ഭിന്നശേഷിയുള്ള കുട്ടികളെ സാമൂഹികവളർച്ചയിലേക്ക് നയിക്കുന്നു. അതോടൊപ്പം തന്നെ അവരുടെ കഴിവുകളും വർദ്ധിക്കുന്നു. നമ്മുടെ ധാർമ്മികമായ കടമയാണ് വിദ്യാലയപ്രവർത്തനങ്ങളിൽ പാഠ്യ-പാഠ്യന്തര പ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം

ഉറപ്പാക്കേണ്ടത്. ഇപ്പോൾ കൂടുതൽ കണ്ടു വരുന്ന ഒരു കാഴ്ചയാണ് ഭിന്നശേഷിക്കാർക്കും സാധാരണകാർക്കും വ്യത്യസ്ത സ്ഥാനങ്ങൾ നൽകുന്നത്. ഉൾച്ചേരൽ വിദ്യാഭ്യാസം കൊണ്ട് സാമൂഹികപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുന്നോട്ട് നയിക്കാൻ നമുക്ക് സാധിക്കും.

ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ കാതൽ എന്ന് പറയുന്നത് സാമ്പത്തികപരമായും , സാംസ്കാരികപരമായും , സാമൂഹികമായും പിന്നോക്കം നിൽക്കുന്നവരെ പൊതുവിദ്യാഭ്യാസത്തിൽ ഉൾപ്പെടുത്തുക എന്നതാണ്.

ഉൾച്ചേരൽ വിദ്യാഭ്യാസത്തിന്റെ മൂല്യവും പ്രധാന്യവുമെല്ലാം സാധാരണക്കാരായ നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അങ്ങനെ മനസിലാക്കുകയും നമുക്ക് അവരെ വളർച്ചയി ലേക്ക് നയിക്കാൻ സാധിക്കൂ. അങ്ങനെ ചെയ്താലെ അവർക്ക് സാമൂഹികപരമായ വളർച്ചയുണ്ടാവൂ.

***********

വെള്ളം വെള്ളം സർവ്വത്ര .....തുള്ളി കുടിക്കാനില്ല പോലും......



Ashik Wilson

§§§§§§§§§§§§